# KERALA SASTRASAHITHYA PARISHAD

FRIENDS OF KSSP. UAE.

**ഭൌമ മണിക്കൂറിനെ (എർത്ത് അവർ )- വിജയിപ്പിക്കുക**



ഇന്ത്യയിലെ ദേശീയ തിരഞ്ഞെടുപ്പിനിടയിൽ മറ്റൊരു തിരഞ്ഞെടുപ്പ്.
ലോകമെങ്ങുമുള്ള രാജ്യങ്ങളിലെ സാധാരണ മനുഷ്യരാണ് സമ്മതിദായകർ
മൽസരം ഭൂമി എന്ന കക്ഷിയും ആഗോള താപനമെന്ന എതിർകക്ഷിയും തമ്മിൽ
വോട്ടെടുപ്പ് 28 ന് രാത്രി 8.30 മുതൽ 9.30 വരെ. വോട്ടിങ് മെഷീൻ സ്വന്തം വീട്ടിലെ സ്വിച്ച് ബോർഡുകൾ

ഏതു സ്ഥാനാർഥിയെ വേണമെന്നു തീരുമാനിക്കാം.
ഭൂമിക്കാണ് വോട്ടെങ്കിൽ ഒരു മണിക്കൂർ ലൈറ്റണയ്ക്കുക.
അതല്ല ആഗോളതാപനത്തിനാണ് വോട്ടെങ്കിൽ ഒന്നുമറിഞ്ഞില്ലെന്നു പറഞ്ഞ് നടന്നുകൊള്ളുക.
സുസ്ഥിര ഭൂമിക്കുവേണ്ടി ഒരു മണിക്കൂർ
ലോക വന്യജീവി നിധി (ഡബ്ല്യുഡബ്ല്യുഎഫ്) ഈ ശനിയാഴ്ച രാത്രി ആചരിക്കുന്ന
ഭൌമ മണിക്കൂറിനെ - എർത്ത് അവർ
ഇങ്ങനെ വിശേഷിപ്പിക്കാം.
വീടാകട്ടെ, കടയാവട്ടെ, ഓഫിസാകട്ടെ, ഫാക്ടറിയാകട്ടെ
പ്രകൃതിയുടെ രക്ഷയ്ക്കായി ഒരു മണിക്കൂർ ലൈറ്റ് ഓഫാക്കുക.

വൈദ്യുതിവിളക്കണച്ചാൽ നിങ്ങളും അതിരുകളില്ലാത്ത ആഗോള സമൂഹത്തിന്റെ ഭാഗം.
ഒരുമണിക്കൂർ എല്ലാ വൈദ്യുതി വിളക്കുകളും അണച്ച് ലോകത്തെ എൺപതോളം രാജ്യങ്ങളാണ് ഇരുട്ടിന്റെ ഉപാസകരാകാൻ കാത്തിരിക്കുന്നത്. ഇന്ത്യയും കേരളവും ഇരുട്ടുകൂട്ടത്തിൽ പങ്കുചേരുന്നു. വിളിപ്പാടകലെ മറഞ്ഞുനിൽക്കുന്ന ജലക്ഷാമത്തിന്റെയും ചൂടേറ്റത്തിന്റെയും ഇരുണ്ട കാലത്തെക്കുറിച്ചുള്ള ഓർമപ്പെടുത്തലാണ് എർത്ത് അവര്. പ്രകൃതിക്കു മനുഷ്യൻ വരുത്തിയ കേടുപാടുകൾക്ക് പച്ചപ്പിന്റെയും ജലസമൃദ്ധിയുടെയും കുളിർമകൊണ്ട് പരിഹാരം കാണാനുള്ള യജ്ഞം.
ശനിയാഴ്ച രാത്രി ലൈറ്റണയ്ക്കാൻ ആയിരത്തോളം വൻനഗരങ്ങളാണ് സ്വിച്ചിൽ കൈവച്ചു കാത്തിരിക്കുന്നത്.
ലൊസാഞ്ചൽസ്, ലാ വാഗാസ്, ലണ്ടന്, മെക്സിക്കോ സിറ്റി, ഹോങ്കോങ്, സിഡ്നി, റോം, മനില, ഓസ്ലോ, കേപ്പൌണ്, വാഴ്സോ, ലിസ്ബണ്, സിംഗപ്പൂര്, ഇസ്താംബുള്, ടൊറോന്റോ, ദുബായ്, കോപ്പൻഹേഗൻ എന്നിങ്ങനെ നീണ്ട പട്ടിക.
നൂറുകോടി ജനങ്ങളിൽ ആഗോള താപനം അപകടമെന്ന സന്ദേശമെത്തുമെന്നാണ് വൈൽഡ് ഫണ്ടിന്റെ പ്രതീക്ഷ.
ന്യൂഡൽഹിയും മുംബൈയും ലൈറ്റണയ്ക്കാമെന്ന കരാറിൽ ഒപ്പിട്ടു.

കേരളത്തിൽ ഭൌമശാസ്ത്രപഠന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ (സെസ്) ഊർജ-വൈദ്യുത വകുപ്പുകൾ ലൈറ്റ് ഓഫിന് ആഹ്വാനം നൽകും. (കറന്റ് കട്ടിനു പുറമേയാണ് ഇതെന്നു മറക്കരുത്). ലൈറ്റണച്ച് ഭൂമിയുടെ രക്ഷയ്ക്കായി കൈകോർക്കുന്ന മനുഷ്യന്റെ ഇരുണ്ട ചിത്രം ലോകരാഷ്ട്രങ്ങൾക്കു വെളിച്ചമാകുമെന്നു പ്രതീക്ഷിക്കുന്നതായി ഡബ്ല്യു ഡബ്ല്യു എഫിന്റെ ന്യൂഡൽഹിയിലെ മാനേജർ ആരതി കോസ്ലാ പറയുന്നു.

ഈ വർഷം ഡിസംബറിൽ കോപ്പൻഹേഗനിൽ നടക്കുന്ന രണ്ടാം ക്യോട്ടോ ഉച്ചകോടിയിൽ ആഗോളതാപനം തടയാനുള്ള ശക്തമായ നടപടികൾക്ക് യുഎസും ലോകരാജ്യങ്ങളും നിർബന്ധിതമാകും- കോസ്ലാ വ്യക്തമാക്കി.
2007 ൽ ഓസ്ട്രേലിയയിലെ സിഡ്നിയിലാണ് ഇരുട്ടറിവിന്റെ തുടക്കം. 2008 ലും ആചരിച്ചു. ഇന്ത്യ ഈവർഷം ആദ്യമായി പങ്കെടുക്കുന്നു. ലോകമെങ്ങും ഓഫിസുകളും വീടുകളും ലൈറ്റണച്ച് ഐക്യദാർഢ്യം പ്രഖ്യാപിക്കുമ്പോൾ പരിസ്ഥിതി സൌഹൃദ നയങ്ങളിലേക്ക് രാഷ്ട്രങ്ങൾ തിരികെവരും.

മുറ്റത്തൊരു പൂന്തോട്ടം, റോഡരികിലൊരു തണൽമരം, പുഴയും തടാകവും സംരക്ഷിക്കുക, മാലിന്യനിർമാർജനം...
ആഗോള താപനം തടയാൻ കഴിയുന്ന ഒരേയൊരു വ്യക്തിക്ക് ഒട്ടേറെ കാര്യങ്ങൾ ചെയ്യാൻ കഴിയും. ആ ഇരുട്ടിന്റെ ഒരുമണിക്കൂർ ലോകത്തിന്റെ ഭാവി പ്രകാശമാനമാക്കാനുള്ള മാർഗങ്ങളെപ്പറ്റി ആലോചിക്കുക.
( പത്രവാർത്തയിൽ നിന്നും)

www.kssp.org
email : ksspdubai@yahoo.com